പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 350 08.02.2016-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യിലെ ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗ് സെന്ററിലെ നിയമനം

| ചോദ്യം<br>ശ്രീ. എം ഉമ്മർ : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം അധിക തുക നല്കിയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം അധിക തുക നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 2015 ആഗസ്റ്റ് മാസം സ്പെഷ്യൽ ഫെസ്റ്റിവൽ അലവൻസ്, ബോണസ്, അഡ്വാൻസ്, പെർഫോർമൻസ് അലവൻസ് എന്നിവ 2689 ജീവനക്കാർക്ക് 1,97,79,882/- രൂപ അധികമായി നൽകിയിട്ടുണ്ട്. ഇതിൽ 2656 ജീവനക്കാരിൽ നിന്നും 1,95,77,574/- രൂപ തിരികെ പിടിച്ചിട്ടുണ്ട്. 33 ജീവനക്കാരിൽ നിന്നുമായി 2,02,308/- രൂപ തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പെൻഷൻ വിതരണത്തിലും ഇത്തരം അബദ്ധം പറ്റിയ കാര്യം അറിവുണ്ടോ; | (ബി) | പെൻഷൻ വിതരണത്തിൽ അബദ്ധം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗ് സെന്ററിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെയല്ല നിയമിച്ചിട്ടുള്ളതെന്നും, അതാണ് ഇത്തരം പ്രശ്നങ്ങൾക്ക് കാരണമെന്നും കരുതുന്നുണ്ടോ; | (സി) | ഇ.ഡി.പി സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കോ-ഓർഡിനേറ്റർ കംപ്യൂട്ടർ പരിജ്ഞാനമുള്ള ആളല്ല. ഇ.ഡി.പി സെന്ററിൽ സീനിയർ പ്രോഗ്രാമറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചവർ ആരും തന്നെ ടി തസ്തികയിൽ തുടരുവാൻ തയ്യാറായിട്ടില്ല. നിലവിൽ ഇ.ഡി.പി സെന്ററിൽ പ്രോഗ്രാമിംഗ് ഒന്നും നടക്കുന്നില്ല. ആയതുകൊണ്ട് കംപ്യൂട്ടർ യോഗ്യതയുള്ളവരുടെ ആവശ്യമില്ല. |

| | | | |
|---|---|---|---|
| (ഡി) | കമ്പ്യൂട്ടർ അടിസ്ഥാനയോഗ്യതയുള്ളവർ എല്ലാ സർട്ടിഫിക്കറ്റുകളും സഹിതം അപേക്ഷ നല്കിയിട്ടും അവരെ പരിഗണിക്കാതെ, അവിഹിത സ്വാധീനമുള്ളവരെ നിയമിച്ചതിന്റെ ദുരന്തമാണ് കെ.എസ്.ആർ. ടി.സി നേരിടുന്നതെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; | (ഡി) | കെ.എസ്.ആർ.റ്റി.സി.യിൽ ഇ.ഡി.പി സെന്ററിന്റെ പ്രവർത്തനം മൂലം ദുരന്തം ഒന്നുമുണ്ടായിട്ടില്ല. |
| (ഇ) | സെക്രട്ടേറിയറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നിന്നും ട്രാൻസ്ഫർ ചെയ്ത തുകയുടെ വ്യക്തമായ അക്കൗണ്ട് വിവരങ്ങൾ പോലും കെ.എസ്.ആർ.ടി.സിയിൽ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ഇ) | സർക്കാരിൽ നിന്നും പദ്ധതി വിഹിതമായും, വായ്പയായും, ഗ്രാന്റായും, സബ്സിഡിയായും ലഭ്യമാകുന്ന തുക കെ.എസ്.ആർ. റ്റി.സി.യുടെ കണക്കുകളിൽ കൃത്യമായി രേഖപ്പെടുത്തി വരുന്നുണ്ട്. |
| (എഫ്) | ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗ് സെന്ററിലേക്ക് നടത്തിയ നിയമനങ്ങൾ പ്രസ്തുത സാഹചര്യത്തിൽ അടിയന്തരമായി പുനപരിശോധിക്കുകയും അടിസ്ഥാന യോഗ്യത ഇല്ലാത്തവരെ ഒഴിവാക്കി അടിസ്ഥാന യോഗ്യതയും പരിജ്ഞാനവുമുള്ളവരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്) | ഇ.ഡി.പി സെന്ററിൽ ഡെപ്യൂട്ടേഷൻ വഴി സീനിയർ പ്രോഗ്രാമറെ നിയമിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇ.ഡി.പി സെന്ററിൽ ജോലി ചെയ്യുന്ന പലരും M.C.A അടക്കമുള്ള ഉന്നത യോഗ്യതയുള്ളവരാണ്. |

സെക്ഷൻ ഓഫീസർ